Pre-University Class.

* 156. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): Will the Hon'ble Minister for Education be pleased to state:

(*a*) if it a fact that the Previous University class has been adolished; and

(*b*) is so, what would be the position of the students who are now studying in the Pre-University class and in the three year course classes?

HON'BLE MR. N. KUNJURAMAN: (*a*) No.

(*b*) This does not arise in view of the answer to (a).

വാക്കാൽ കരാറുകൾ

* 157. MR. P. NANOO: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നീതി ന്യായവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) വാക്കാൽ കരാറുകളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളും തക്കങ്ങളും സിവിൽ കോടതികൾ സ്വീകരിക്കുന്നതല്ലെന്ന നിയമം മൂലമുണ്ടാക്കുന്നതു് കേസുകളുടെ എണ്ണവും കാലതാമസവും കുറയ്ക്കാൻ സഹായിക്കുമോ എന്നു പരിശോധിച്ചിട്ടുണ്ടോ?

(ബി) ഈ നിയമനിർമ്മാണം സ്ഥാവരവസ്തുക്കളെ സംബന്ധിച്ച വ്യവഹാരങ്ങളുടെ കാര്യത്തിലെങ്കിലും അത്യന്താപേക്ഷിതമാണോ എന്നു ഗവണ്മെന്റ് ആലോചിക്കുമോ?

HON'BLE MR. A. J. JOHN: (എ) ഇല്ല. അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ല.

(ബി) സ്ഥാവരവസ്തുക്കളുടെ കൈമാറ്റം രജിസ്റ്റർ പ്രമാണം മൂലമായിരിക്കണം എന്നുള്ള സംഗതി ആലോചിക്കുന്നതാണ്.

നീതിന്യായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*158. MR. P. NANOO: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നീതി ന്യായവകുപ്പിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) നീതിന്യായവകുപ്പിൽ കാര്യശേഷിയോ സ്വഭാവശുദ്ധിയോ ഇല്ലാത്തവരും അവ കുറഞ്ഞവരുമായ ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ആ ഡിപ്പാർട്ടുമെന്റിൽ നിന്നും മാറ്റി നിയമിക്കുവാനോ ഗവണ്മെന്റിൽ നിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. Nanoo]

(സി) നിതിന്യായവകുപ്പിൽ 'സരവീസനുസരിച്ച്' പ്രമോഷൻ നൽകുന്ന നയമാണോ നിലവിലുള്ളത്.

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫൊഴിച്ചുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രമോഷനെ സംബന്ധിച്ചിടത്തോളം, മതിയായ കാരണങ്ങളാൽ കാണിച്ചുള്ള തൈക്കോടതിയുടെ ഗ്രൂപാർശയിന്മേൽ കാഴ്ചക്ഷമതയെ അടിസ്ഥാനമാക്കി ഒരു നിശ്ചിത ശതമാനം നിക്കിവയ്ക്കുന്നതു വിഹിതവും ബുദ്ധിപൂർവ്വവും ആയിരിക്കുകയില്ലേ എന്നു ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : എ) അപ്രാപ്തരാണെന്നു സംശയിക്കപ്പെട്ടവരെപ്പറ്റി തൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെപ്പറ്റി നടപടികൾ നടന്നുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) സാധാരണയായി അപ്രകാരമാണ്.

(ഡി) ഈ സംഗതിയെപ്പറ്റി ഗവണ്മെൻറു ആലോചിക്കുന്നതാണ്.

MR. P. NANOO : നീതിന്യായവകുപ്പിൽ മറ്റു ഡിപ്പാർട്ടുമെൻറുകളെ അപേക്ഷിച്ചു കായ്ക്ഷേമിയും സ്വഭാവശുദ്ധിയും ഉള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കേണ്ടതു അവശ്യമാണെന്ന തത്വം ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതോടൊപ്പംതന്നെ സാമുദായികപ്രാതിനിധ്യംകൂടി പരിഗണിക്കണമെന്നു വിചാരിക്കുന്നു.

MR. P. NANOO : സമുദായപ്രാതിനിധ്യം പരിഗണിക്കുമ്പോൾതന്നെ അതിൽ സ്വഭാവശുദ്ധിക്കും കായ്ക്ഷേമിക്കുംകൂടെ പരിഗണന കൊടുത്തുകൂടെ?

HON'BLE MR. A. J. JOHN : തീർച്ചയായും കൊടുക്കുന്നുണ്ട്.

MR. P. NANOO : സമുദായപ്രാതിനിധ്യം നോക്കേണ്ടിവന്നിട്ടുള്ളതുകൊണ്ടു എപ്പോഴെങ്കിലും കായ്ക്ഷേമിക്കുറവു വന്നിട്ടുണ്ടോ?

HON'BLE MR. A. J JOHN : പലപ്പോഴും അങ്ങിനെ വന്നിട്ടുണ്ട്.

MR. P. NANOO : അതിനു ഉദാഹരണം പറയാമോ?

HON'BLE MR. A. J. JOHN ; ഉദാഹരണം ഇപ്പോൾ പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly